(ബി) ഇല്ല. ത്രിതല പഞ്ചായത്തുകൾ ഈ തുക ചെലവഴിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) 2004-2005 സാമ്പത്തികവർഷം ആകെ 69,65,867 രൂപ ചെലവായി.

(ജി) സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഹോസ്റ്റൽ ബിൽഡിംഗിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പുതിയതായി ഒരു ഹോസ്റ്റൽ ബിൽഡിംഗിന്റെ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽനിന്നും 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടുണ്ട്. കൂടാതെ, അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണത്തിനായി 53.70 ലക്ഷം രൂപയ്ക്കുള്ള നോൺ റിക്കറിംഗ് ഗ്രാന്റിന്റെ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിലേക്ക് അയയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എസ്.ഐ.ആർ.ഡി.- യുടെ പ്രവർത്തന പുരോഗതി എല്ലാ മാസവും വിലയിരുത്തുന്നുണ്ട്.

പി. എം. ജി. എസ്. വൈ. പദ്ധതി കാര്യക്ഷമമാക്കാൻ നടപടി

149 [1982] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പ്രകാരം ആകെ എത്ര കോടി രൂപയുടെ ഗ്രാന്റ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുക കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം വാമനപുരം ബ്ലോക്ക് പഞ്ചായത്തിൽ എത്ര റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ട്; ഇതിൽ പൂർത്തിയായവ എത്ര; പൂർത്തിയാകാത്തത് എത്ര; പണികൾ യഥാസമയം പൂർത്തിയാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) ഈ പദ്ധതി പ്രകാരമുള്ള റോഡുപണികൾ കാര്യക്ഷമമായി നടക്കാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പ്രകാരം സംസ്ഥാനത്തിന് ഇതുവരെ 7956 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. 2003-2004-ൽ 20.77 കോടി രൂപ ലഭിച്ച സ്ഥാനത്ത്, സംസ്ഥാന സർക്കാർ തുടർച്ചയായ സമ്മർദ്ദം ചെലുത്തിയതുമൂലം കേന്ദ്രം 2004-2005-ൽ 5275.90 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. 2005-2006-ലേക്ക് 50 കോടി രൂപയുടെ പദ്ധതികൾ സമർപ്പിക്കാൻ കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിപ്രകാരം 10 റോഡുകളുടെ പണി ആരംഭിച്ചു. ഇവയിൽ 2 റോഡുകൾ പൂർത്തിയായി. 8 റോഡുകൾ പൂർത്തിയാവാനുണ്ട്. ഒരു റോഡിന്റെ ആദ്യ മെറ്റലിംഗ് കഴിഞ്ഞു. കരാറുകാരന്റെ അനാസ്ഥകാരണം ബാക്കി ഏഴു റോഡുകളുടെ പണിയിൽ പുരോഗതിയില്ല. ഈ പണികളുടെ കരാർ റദ്ദാക്കി പുതിയ കരാർ നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കരാർ വ്യവസ്ഥകൾ കർശനമാക്കിക്കൊണ്ടും, വീഴ്ചവരുത്തുന്ന കരാറുകാരിൽനിന്നും പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടും പണി ത്വരിത പ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആർ. ഐ. ഡി. എഫ്.-ൽ ഉൾപ്പെടുത്തിയ ശാസ്താംകടവ്-മനക്കൊടി റോഡ് നിർമ്മാണം

150 [1983] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് ബ്ലോക്കിൽ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി നിർമ്മാണം തുടങ്ങിയ ശാസ്താംകടവ്-മനക്കൊടി റോഡിന്റെ നിർമ്മാണം മുടങ്ങിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ റോഡിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്ര; ഇതിനകം എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ട്;

(സി) ഈ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പി.എം.ജി.എസ്.വൈ.-ൽ ഉൾപ്പെടുത്തി ചേർപ്പ് ബ്ലോക്കിൽ എത്ര റോഡുകളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ റോഡുകളുടെ നിർമ്മാണം എന്നു തുടങ്ങും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആർ.ഐ.ഡി.എഫ്. III-ൽ ഉൾപ്പെടുത്തി ചേർപ്പ് ബ്ലോക്കിന് അനുവദിച്ച ശാസ്താംകടവ്-മനക്കൊടി റോഡിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കെ അടിമണ്ണിന്റെ ഉറപ്പുകുറവുമൂലം രണ്ട് പ്രാവശ്യം ഇടിഞ്ഞുതാഴുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly